

TUESDAY 15/07/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/07/2025

1. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള ധനസഹായത്തിനായി കർഷകർക്ക് അപേക്ഷകൾ സമർപ്പിക്കാൻ തയ്യാറാക്കിയ എയിംസ് (AIMS) പോർട്ടലിന്റെ നവീകരിച്ച രണ്ടാം പതിപ്പ് 2025 ജൂലൈ 15 മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് കൃഷി വകുപ്പ് ഔദ്യോഗികമായി അറിയിച്ചു. കർഷകർക്ക് കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവുമായ സേവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാറ്റം. നിലവിൽ പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിനുള്ള ദുരിതാശ്വാസ പദ്ധതിയിലെ അപേക്ഷകൾ മാത്രമാണ് പുതിയ പോർട്ടലിലേക്ക് മാറ്റുന്നത്. ഇത് കർഷകർക്ക് കൂടുതൽ ലളിതമായി അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായിക്കും. നിലവിൽ ലഭ്യമായ യൂസർ ഐ.ഡി., പാസ്സ്‌വേർഡ് ഉപയോഗിച്ച് തന്നെ പുതിയ പോർട്ടലായ aimsnew.kerala.gov.in-ൽ ലോഗിൻ ചെയ്യാൻ കഴിയും. വന്യജീവി ആക്രമണം മൂലമുള്ള കൃഷി നാശനഷ്ടങ്ങൾക്കുള്ള അപേക്ഷകൾ കൂടി ഇനി മുതൽ സമർപ്പിക്കാം എന്നതാണ് എയിംസ് പോർട്ടൽ പുതിയ പതിപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. കർഷകർക്കും പൊതുജനങ്ങൾക്കും പുതിയ പോർട്ടൽ പരിചയപ്പെടുന്നതിനു വിശദമായ വീഡിയോ ട്യൂട്ടോറിയലുകളും യൂസർ മാനുവലുകളും കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ keralaagriculture.gov.in-ൽ ലഭ്യമാക്കിയിട്ടുണ്ട്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലുമ്മക്കായ കൃഷി ചെയ്യുന്നതിന് ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ജനറൽ വിഭാഗത്തിന് 40 ശതമാനവും എസ് സി വിഭാഗത്തിന് 75 ശതമാനവും എസ് .ടി വിഭാഗത്തിന് നൂറ് ശതമാനവും സബ്സിഡി ലഭിക്കും. ഫോൺ: 0497 2731081 ജില്ലാപഞ്ചായത്തിന്റെ 2025-26 വർഷത്തെ മത്സ്യശ്രീ പദ്ധതി പ്രകാരം നാല് പേരടങ്ങുന്ന കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് മത്സ്യവിപണന ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർക്ക് 75 ശതമാനം സബ്സിഡി ലഭിക്കും. അപേക്ഷകർ ജൂലൈ 25 നകം തലശ്ശേരി, കണ്ണൂർ, മാടായി, അഴിക്കോട് മത്സ്യഭവനുകളിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ പ്രാദേശിക മത്സ്യഭവൻ ഓഫീസുകളിൽ നിന്നോ കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നോ ലഭിക്കും. ഫോൺ: 0497 2731081

3. കേരള കാർഷിക സർവകലാശാലയുടെ കരമന നെടുങ്കാട് സ്ഥിതി ചെയ്യുന്ന സംയോജിത കൃഷിസമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ (ഐഎഫ്എസ്ആർഎസ്) നിറപുത്തരി കൊയ്ത്തുത്സവാഘോഷത്തിനുള്ള നെൽക്കതിർ (ചതുരശ്രമീറ്ററിന് 100 രൂപ നിരക്കിൽ), കതിർക്കെട്ടുകൾ (അയർ) വലുപ്പം അനുസരിച്ച് 250 മുതൽ 2,000 രൂപവരെ വില്പനയ്ക്ക് ഓഗസ്റ്റ് മാസം ആദ്യവാരം മുതൽ ലഭ്യമാണ്. (ഫോൺ- 0471-2343586).

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. നാളികേര വികസന ബോർഡ് നടപ്പാക്കുന്ന സുസ്ഥിര ഉൽപ്പാദനക്ഷമത വർധനയ്ക്കുള്ള സമഗ്ര കേരവികസന പദ്ധതിയിലേക്ക് കേര കർഷക കൂട്ടായ്മകൾക്ക് നേരിട്ടോ കൃഷിഭവനുകൾ ഏജൻസികളായോ അപേക്ഷിക്കാം. അവസാന തീയതി ജൂലായ് 16ന് വൈകുന്നേരം 5 മണി വരെ. വിവരങ്ങൾക്ക്: https://coconutboard.gov.in/docs/piccsker.pdf ഫോൺ: 0484 2376265, 2377267.

**പരിശീലന പരിപാടി**

5. കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യു കൾച്ചർ ടെക്നിഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് (മൂന്ന് മാസം ട്രെയിനിങ് + മൂന്ന് മാസം അപ്രെന്റിസ്ഷിപ്). 01.04.2025 ൽ 35 വയസ്സിൽ താഴെ പ്രായമുള്ള അഗ്രിക്കൾച്ചർ/ബയോളജി/ബോട്ടണി വിഷയങ്ങളോടെ പ്ലസ് ടു / വി.എച്.എസ്.ഇ പാസ്സായിട്ടുള്ളവർക്ക് കോഴ്സിൽ ചേരാൻ അപേക്ഷിക്കാവുന്നതാണ്. ഒരു ബാച്ചിൽ 20 പേർക്ക് മാത്രം പ്രവേശനം നൽകുന്ന ഈ കോഴ്സിന് ഫീസ് 4500/- രൂപ (നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1500/- രൂപ സ്റ്റൈപ്പൻറോട്ടുകൂടി മൂന്ന് മാസത്തേക്ക് അപ്രെന്റിസ്ഷിപ് ട്രെയിനിങ്ങും **BMFC യിൽ** നൽകും. അപേക്ഷഫോമും പ്രോസ്പെക്ടസും

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralaagriculture.gov.inൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 28/07/2025 വൈകുന്നേരം 4.30 മണി . തിരഞ്ഞെടുത്ത അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി :05/08/2025. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക: ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം, കേരളം Pin-695582, Tel: 0471-2413739 Mob: 9383470296 Email: bmfckzkmtvm.agri@kerala.gov.in

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "ശാസ്ത്രീയ പച്ചക്കറി കൃഷി"എന്ന വിഷയത്തിൽ 2025 ജൂലൈ 17ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. വെള്ളായണി കാർഷിക കോളേജിലെ കൈറ്റിന്റെ ആഭിമുഖ്യത്തിൽ 2025 ജൂലൈ 26 ശനിയാഴ്ച കൂൺ കൃഷി പരിശീലനം നടത്തുന്നു. താല്പര്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വരെ 8891540778 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹750/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്കാണ് പ്രവേശനം ലഭിക്കുക.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 ആഗസ്റ്റ് 11, തിങ്കളാഴ്ച** ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി **2025 ആഗസ്റ്റ് 10, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. **കാർഷിക നിർദേശം**

**ഏലം**

ഏല തോട്ടങ്ങളിൽ കീട നിയന്ത്രണത്തിന്റെ ഭാഗമായി ഉണങ്ങിയ ഇലകൾ മുറിച്ചു മാറ്റേണ്ടതാണ് തണ്ടുതുരപ്പന്റെ ആക്രമണത്തിന് സാധ്യതയുണ്ട് ഇതിനെതിരെ ക്ലോറാൻടാനിലി പ്രോൾ 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു മഴയൊഴിഞ്ഞ സമയത്ത് തളിക്കാവുന്നതാണ് "കട്ടെ" രോഗം ബാധിച്ച ഏല ചെടികൾ പിഴുതു മാറ്റുക . അഴുകൽ രോഗത്തിനെതിരെ സാധ്യതയുള്ളതിനാൽ നീർ വാർച്ച ഉറപ്പുവരുത്തുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം